"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് - കൊല്ലം ജില്ലയിലെ കൊട്ടാരക്കര തലവൂർ ദേവിവിലാസം ഹൈസ്കൂളിൽ നിന്നും പ്രഥമാദ്ധ്യാപിക തസ്തികയിൽ വിരമിച്ച ശ്രീമതി. ആർ ശ്യാമളകുമാരി അമ്മയ്ക്കെതിരെ സ്വീകരിച്ച അച്ചടക്ക നടപടി തീർപ്പാക്കി പൊതു വിദ്യാഭ്യാസ ഡയറക്ടർ നൽകിയ ശിക്ഷ ലഘൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.158/2022/പൊ.വി.വ   തീയതി,തിരുവനന്തപുരം, 07/01/2022

---

പരാമർശം:-

1. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 24/04/2015 തീയതിയിലെ V5/47381/2014ഡിപിഐ നമ്പർ ഉത്തരവ്.
2. കൊട്ടാരക്കര ജില്ലയിലെ തലവൂർ ദേവിവിലാസം ഹൈസ്കൂളിൽ നിന്നും പ്രഥമാദ്ധ്യാപിക തസ്തികയിൽ വിരമിച്ച ആർ ശ്യാമളകുമാരി അമ്മയുടെ 20/07/2019 തീയതിയിലെ അപ്പീൽ അപേക്ഷ.
3. കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 23/07/2021 തീയതിയിലെ ബി2/2390/2021 നമ്പർ കത്ത്.

**ഉത്തരവ്**

കൊല്ലം ജില്ലയിലെ കൊട്ടാരക്കര തലവൂർ ദേവിവിലാസം ഹൈസ്കൂളിൽ ജോലി ചെയ്യുമ്പോൾ 2014 മാർച്ച മാസം നടന്ന SSLC പരീക്ഷയുടെ ചീഫ് സൂപ്രണ്ടായി ഹർജിക്കാരിയായ ശ്രീമതി. ആർ ശ്യാമളകുമാരി അമ്മയെയും ഡെപ്യൂട്ടി ചീഫ് സൂപ്രണ്ടായി പട്ടാഴി ഗവ . ഹൈസ്കൂളിലെ എച്ച്. എസ്. എ ആയിരുന്ന ശ്രീ. സാബുജോണിനെയും നിയമിച്ചു. ടി പരീക്ഷയുടെ നടത്തിപ്പിൽ ഗുരുതര ക്രമക്കേട് വരുത്തിയ സാഹചര്യത്തിൽ ആയതിന് മേൽ നോട്ടം വഹിച്ച അദ്ധ്യാപകർ എന്ന നിലയിൽ ശ്രീമതി. ആർ ശ്യാമളകുമാരി അമ്മയെയും ശ്രീ. സാബുജോണിനെയും വേലവിലക്കിൽ നിർത്തുകയും തുടർന്ന് നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരിയായ ശ്രീമതി. ആർ ശ്യാമളകുമാരി അമ്മയെ സേവനത്തിൽ പുനപ്രവേശിപ്പിക്കുകയും ടിയാളുടെ രണ്ട് വാർഷിക ഇൻക്രിമെന്റുകൾ സഞ്ചിത പ്രാബല്ല്യത്തോടെ തടഞ്ഞുകൊണ്ട് പൊതു വിദ്യാഭ്യാസ ഡയറക്ടർ 24/04/2015 തീയതിയിലെ V5/47381/14- നമ്പർ ഉത്തരവ്(പരാമർശം-1) പുറപ്പെടുവിച്ച് വേലവിലക്ക് കാലം അംഗീകൃത അവധിയായി കണക്കാക്കി അച്ചടക്ക നടപടി തീർപ്പാക്കുകയും ചെയ്തു. എന്നാൽ ടി പരീക്ഷയിൽ സംഭവിച്ച പിഴവ് മന: പൂർവ്വമല്ലെന്നും ആയതിനാൽ ടി തെറ്റ് മാപ്പാക്കി രണ്ട് വാർഷിക ഇൻക്രിമെന്റുകൾ സഞ്ചിത പ്രാബല്ല്യത്തോടെ തടഞ്ഞുകൊണ്ട് പൊതു വിദ്യാഭ്യാസ ഡയറക്ടർ നൽകിയ ശിക്ഷ ലഘൂകരിച്ച് നൽകണമെന്ന് പരാമർശം 2 അപ്പീൽ അപേക്ഷയിൽ ടിയാൾ അഭ്യർത്ഥിച്ചിരുന്നു. ടി അപ്പീൽ അപേക്ഷ പരിഗണിക്കുന്നതിന്റെ ഭാഗമായി ഈ കേസുമായി ബന്ധപ്പെട്ടവരുടെ വാദം ഗൂഗിൾ മീറ്റ് സംവിധാനത്തിലൂടെ 30.7.2021-ന് കേട്ടു.

2. ഹർജിക്കാരിയുടെ വാദം ചുവടെചേർക്കുന്നു.

എ) കൊട്ടാരക്കര ഡി. ഇ. ഒ യുടെ പരിധിയിലുള്ള തലവൂർ ദേവീവിലാസം ഹൈസ്കൂളിൽ എച്ച്. എസ്. എ ആയി ഹർജിക്കാരി ജോലി ചെയ്യുമ്പോൾ 2014 മാർച്ച് മാസം നടന്ന SSLC പരീക്ഷയുടെ ചീഫ് സൂപ്രണ്ടായി

ഹർജിക്കാരിയെയും ഡെപ്യൂട്ടി ചീഫ് സൂപ്രണ്ടായി പട്ടാഴി ഗവ. ഹൈസ്കൂളിലെ എച്ച്. എസ്. എ ആയിരുന്ന ശ്രീ. സാബുജോണിനെയും നിയമിച്ചു. ഈ ചുമതല ആദ്യമായിട്ടായിരുന്നു ഹർജിക്കാരി നിർവ്വഹിച്ചത്. അതിനാൽ പരിചയക്കുറവും തന്മൂലമുള്ള പരിഭ്രമവും ഹർജിക്കാരിക്കുണ്ടായിരുന്നു. 18/03/2014 – ൽ ഫിസിക്സ് പരീക്ഷാ ദിവസം പരീക്ഷ കഴിഞ്ഞ് പരീക്ഷാ പേപ്പറുകൾ എണ്ണിനോക്കിയപ്പോൾ ഐ. ഇ. ഡി വിഭാഗത്തിൽപെട്ട ഒരു കുട്ടിയുടെ ( രജി. നം. 492440) പരീക്ഷാ പേപ്പർ കുറവുള്ളതായി കണ്ടു. ആകെ പരിഭ്രമത്തിലാകുകയും ടി കുട്ടിയുടെ ഭാവിയെ ബാധിക്കുന്ന പ്രശ്നമായതിനാൽ എല്ലാവരും ഉപദേശിച്ചതനുസരിച്ച് മറ്റൊരു കുട്ടിയെകൊണ്ട് മറ്റൊരു പരീക്ഷാ പേപ്പർ തയ്യാറാക്കി മറ്റുപേപ്പറുകളോടൊപ്പം വാല്യുവേഷൻ ക്യാമ്പിലേക്കയച്ചു. ദൗർഭാഗ്യവശാൽ വാല്യൂവേഷൻ ക്യാമ്പിൽ വച്ച് കാണാതായ പരീക്ഷാ പേപ്പർ കണ്ടെത്തുകയും ഒരാളുടെ തന്നെ രണ്ട് പേപ്പർ ഉള്ളതായ സ്ഥിതി വിശേഷം ഉണ്ടായി. ടി സംഭവത്തെ തുടർന്ന് ഹർജിക്കാരിയെയും ശ്രീമാൻ. സാബു ജോണിനേയും സസ്പെൻഡ് ചെയ്തു. തുടർന്ന് നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഡി. പി. ഐ യുടെ 24/09/2014 ലെ V5/47381/14- നമ്പർ ഉത്തരവു പ്രകാരം സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചു. തുടർന്ന് രണ്ട് വാർഷിക ഇൻക്രിമെന്റുകൾ സഞ്ചിത പ്രാബല്ല്യത്തോടെ തടഞ്ഞുകൊണ്ട് ഡി. പി. ഐയുടെ 24/04/2015 ലെ V5/47381/14- നമ്പർ ഉത്തരവുണ്ടായി . സസ്പെൻഷൻ കാലം അംഗീകൃത അവധിയായും കണക്കാക്കി.

ബി) ഇതിനിടയിൽ പ്രഥമാധ്യാപികയായി ഹർജിക്കാരിക്ക് സ്ഥാനകയറ്റം ലഭിക്കുകയും 31/03/2017 ൽ പെൻഷനാവുകയും ചെയ്തു. ഹർജിക്കാരിക്കൊപ്പം ശ്രീ. സാബുജോണിന്റെയും രണ്ട് വാർഷിക ഇൻക്രിമെന്റുകൾ സഞ്ചിത പ്രാബല്ല്യത്തോടെ തടഞ്ഞിരുന്നു. എന്നാൽ അദ്ദേഹം ഗവൺമെന്റിനു നൽകിയ അപ്പീൽ പരിഗണിച്ച് ശിക്ഷയിൽ ഇളവനുവദിച്ച് രണ്ട് വാർഷിക ഇൻക്രിമെന്റുകൾ സഞ്ചിത പ്രാബല്ല്യമില്ലാതെ തടഞ്ഞുകൊണ്ട് 07/02/2018- ലെ സ. ഉ ( സാധാ ) നം. 602/2018/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവുണ്ടായിട്ടുണ്ട്. വളരെ ഗുരുതരമായ തെറ്റാണ് ചെയ്യുന്നതെന്ന് അറിയാമായിരുന്നിട്ടും ഒരു IED കുട്ടിയുടെ ഭാവിയെ കരുതിയാണ് അപ്രകാരമൊരു നടപടിക്ക് ഹർജിക്കാരി മുതിർന്നത്. ഈയൊരു ദൗർഭാഗ്യ സംഭവമൊഴിച്ചാൽ മറ്റ് പരീക്ഷകളെല്ലാം വളരെ ഭംഗിയായി നടത്താൻ കഴിഞ്ഞിരുന്നു.

സി) രണ്ട് വാർഷിക ഇൻക്രിമെന്റുകൾ സഞ്ചിത പ്രാബല്ല്യത്തോടെ തടഞ്ഞിരുന്നതുമൂലം രണ്ട് വർഷസേവന കാലമാണ് ഹർജിക്കാരിക്ക് നഷ്ടപ്പെട്ടിരിക്കുന്നത്. തന്മൂലം ലഭിക്കേണ്ടിയിരുന്ന പ്രഥമാധ്യാപക ഹയർ ഗ്രേഡ് ലഭിച്ചില്ല. മാത്രമല്ല പെൻഷൻ ആനുകൂല്യങ്ങളിലും വമ്പിച്ച നഷ്ടമാണ് ഉണ്ടായിരിക്കുന്നത്. മേൽ വിവരിച്ച സാഹചര്യത്തിൽ ഹർജിക്കാരിക്ക് ഒപ്പം കൂട്ടായി പ്രവർത്തിച്ച ശ്രീ. സാബു ജോൺ - ന്റെ ശിക്ഷ ഇളവുചെയ്തു നൽകിയതുപോലെ ഹർജിക്കാരിക്ക് നൽകിയ കടുത്ത ശിക്ഷ ഇളവുചെയ്ത് ഉത്തരവുണ്ടാകണമെന്ന് അപേക്ഷിക്കുന്നു.

ഡി) സ്കൂൾ മാനേജർ 28/09/15 മുതൽ അനധികൃതമായി ഹർജിക്കാരിയെ സസ്പെൻഡ് ചെയ്തിരുന്നു. അന്വേഷണം നടത്തിയ ഡി. ഇ. ഒ ഹർജിക്കാരിയുടെ സസ്പെൻഷൻ റദ്ദ് ചെയ്ത് സർവ്വീസിൽ തിരികെ പ്രവേശിപ്പിക്കാൻ നിർദ്ദേശം നൽകിയിരുന്നു എങ്കിലും ഗവ. ൽ അപ്പീൽ നൽകിയ കാരണം പറഞ്ഞ് സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചിരുന്നില്ല. ഗവ. ൽ നിന്നുള്ള കത്ത് പ്രകാരം 17/06/16 ൽ മാത്രമാണ് ഹർജിക്കാരിയെ തിരികെ പ്രവേശിപ്പിച്ചത്. 10/10/2019 ലെ ഗവ. കത്ത് നം. A3/386/18/പൊ. വി. വ പ്രകാരം 28/09/15 മുതൽ 28/05/16 വരെയുള്ള കാലം ഡ്യൂട്ടിയായും 29/05/16 മുതൽ 16/06/16 വരെയുള്ള കാലം അവധിയായും കണക്കാക്കി ഉത്തരവ് ലഭിച്ചു എങ്കിലും ടി കാലഘട്ടത്തിലെ ശമ്പളം ഹർജിക്കാരിക്കു ലഭിച്ചിട്ടില്ല. ടി കാര്യത്തിലും ആവശ്യമായ നിർദ്ദേശം നൽകണമെന്നും അപേക്ഷിക്കുന്നു.

3. ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ വാദം ചുവടെ ചേർക്കുന്നു.

എ) ഈ കാര്യാലയത്തിന്റെ അധികാര പരിധിയിൽപ്പെട്ട തലവൂർ ഡി. വി. എച്ച്. എസ്സിൽ നിന്നും

പ്രഥമാദ്ധ്യാപികയുടെ തസ്തികയിൽ 31/03/2014 ൽ വിരമിച്ച ശ്രീമതി. ഗീതാകുമാരി - യുടെ ഒഴിവിൽ മാനേജർ 01/04/2014 മുതൽ ടി സ്കൂളിലെ സീനിയർ അദ്ധ്യാപികയായ ശ്രീമതി. ശ്യാമളകുമാരി - യെ പ്രഥമാദ്ധ്യാപികയായി നിയമിച്ചു. പ്രഥമാദ്ധ്യാപിക 31/03/2014 ൽ വിരമിക്കുന്നതിനാൽ മാർച്ച് 2014 ലെ ചീഫ് സൂപ്രണ്ടായി നിയമിച്ചിരുന്നത് ശ്രീമതി. ശ്യാമളകുമാരിയെ ആയിരുന്നു . 2014 മാർച്ചിലെ പരീക്ഷയിൽ ടി സെന്ററിൽ പരീക്ഷയെഴുതിയ ഒരു കുട്ടിക്ക് ഒരേ വിഷയത്തിൽ രണ്ട് ഉത്തരക്കടലാസുകൾ വാല്യേഷൻ ക്യാമ്പിൽ കണ്ടെത്തിയ ഗുരുതരമായ കൃത്യവിലോപത്തിന് ശിക്ഷണ നടപടികളുടെ ഭാഗമായി ശ്രീമതി. ശ്യാമളകുമാരിയെയും ഡെപ്യൂട്ടി സൂപ്രണ്ടിനെയും 01/04/2014 മുതൽ പൊതു വിദ്യാഭ്യാസ ഡയറക്ടർ സസ്പെൻഡ് ചെയ്ത് ഉത്തരവായിരുന്നു( V5/47381/14/DPI dated 24/04/2014).

ബി) തുടർന്ന് ശ്രീമതി. ശ്യാമളകുമാരിയുടെ അച്ചടക്ക നടപടികൾ നിലനിർത്തി കൊണ്ട് പൊതു വിദ്യാഭ്യാസ ഡയറക്ടർ ടിയാരിയെ സർവ്വീസിൽ പുന : പ്രവേശിക്കുകയും പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവ നം. വി 5/47381/2014 തീയതി 24/04/2015 പ്രകാരം കുറ്റത്തിന്റെ ഗൗരവം കണക്കിലെടുത്ത് ടിയാരിയുടെയും ഡെപ്യൂട്ടി ചീഫിന്റെയും രണ്ട് വാർഷിക ഇൻക്രിമെന്റുകൾ സഞ്ചിത പ്രാബല്ല്യത്തോടെ തടഞ്ഞ് ഉത്തരവാകുകയും വേലവിലക്ക് കാലം അർഹതപ്പെട്ട അവധിയായി പരിഗണിക്കാനും ഉത്തരവായിട്ടുള്ളതാണ്.

സി) എച്ച്. എസ്. എ തസ്തികയിൽ പുന : പ്രവേശിപ്പിക്കപ്പെട്ട ശ്രീമതി. ശ്യാമളകുമാരി - യെ ഹൈസ്കൂൾ അദ്ധ്യാപിക എന്ന നിലയിലുള്ള ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കാതെ മാനേജ്മെന്റിനെയും ഡിപ്പാർട്ട്മെന്റിനെയും തെറ്റിദ്ധരിപ്പിച്ച് അധികാര ദുർവിനിയോഗം ചെയ്യുന്നു എന്നാരോപിച്ച് മാനേജർ ഉത്തരവ് നം. 4/2015 പ്രകാരം ടിയാരിയെ 28/09/2015 മുതൽ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്യുകയും ചെയ്തിരുന്നു. ഇത് സംബന്ധിച്ച് കേരള വിദ്യാഭ്യാസ ചട്ട പ്രകാരം ജില്ലാ വിദ്യാഭ്യാസ ആഫീസർ ഒരു പ്രാഥമിക അന്വേഷണം നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ ടിയാരി കുറ്റക്കാരിയല്ല എന്ന് കണ്ടെത്തി സർവ്വീസിൽ പുന : പ്രവേശിക്കാൻ ഉത്തരവ് ആകുകയുണ്ടായി. വേലവിലക്ക് കാലം ഡ്യൂട്ടിയായി പരിഗണിച്ച് സർവ്വീസിൽ പുന : പ്രവേശിപ്പിക്കാൻ ഈ ഓഫീസിലെ കത്ത് നം. ബി 2/5074/2015 തീയതി 18/10/2015 പ്രകാരം നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. ഈ ഉത്തരവിനെതിരെ മാനേജർ ഗവൺമെന്റിൽ റിവിഷൻ പെറ്റിഷൻ നല്കുകയും ആയത് സ. ഉ. 1475/2016/പൊ. വി തീയതി 25/04/2016 പ്രകാരം നിരസിക്കുകയും ചെയ്തിരുന്നു. മാത്രമല്ല ശ്രീമതി. ശ്യാമളകുമാരി - യുടെ വേലവിലക്ക് കാലം ഡ്യൂട്ടിയായി പരിഗണിച്ച് നടപടി സ്വീകരിക്കുവാനും നിർദ്ദേശിച്ചിരുന്നു. ആയതനുസരിച്ച് മാനേജരുടെ ഉത്തരവ് നം. 8/2016 തീയതി 29/05/2016 പ്രകാരം ടി അദ്ധ്യാപികയെ 17/06/2016 മുതൽ മാത്രമേ സർവ്വീസിൽ മാനേജർ പുന. പ്രവേശിപ്പിച്ച് ഉത്തരവ് നൽകിയിരുന്നുള്ളു.

ഡി) ശ്രീമതി . ശ്യാമളകുമാരി - യുടെ വേലവിലക്ക് കാലം ഡ്യൂട്ടിയായി പരിഗണിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ നിർദ്ദേശത്തെ തുടർന്ന് കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർ ശ്രീമതി. ശ്യാമളകുമാരി - യുടെ വേലവിലക്ക് കാലമായ 28/09/2015 മുതൽ 13/10/2015 വരെ ഡ്യൂട്ടിയായി പരിഗണിച്ച് സർവ്വീസ് ക്രമീകരിക്കാൻ ഈ ഓഫീസിലേക്ക് നിർദ്ദേശിക്കുകയും തുടർന്ന് ഈ ഓഫീസിൽ നിന്നും ടിയാരിയുടെ വേലവിലക്ക് കാലയളവ് 28/09/2015 മുതൽ 13/10/2015 വരെയുള്ള 15 ദിവസം ഡ്യൂട്ടിയായി പരിഗണിച്ച് ഉത്തരവായിട്ടുള്ളതാകുന്നു.

ഇ) ടി അദ്ധ്യാപികയുടെ വേലവിലക്ക് കാലം 15 ദിവസമായ 28/09/2015 മുതൽ 13/10/2015 വരെ കാലയളവ് ഡ്യൂട്ടിയായി പരിഗണിച്ചെങ്കിലും 17/06/2016 മാത്രമാണ് മാനേജർ ടിയാളെ സർവ്വീസിൽ പുന. പ്രവേശിപ്പിച്ചിട്ടുള്ളൂ. ഈ സാഹചര്യത്തിൽ ശ്രീമതി. ശ്യാമളകുമാരി നല്കിയ അപേക്ഷയുടെ അടിസ്ഥാനത്തിൽ കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഉത്തരവ് നം. ബി 4/17051/2015 തീയതി

18/02/2017 പ്രകാരം 14/10/2015 മുതൽ 16/06/2016 വരെയുള്ള കാലഘട്ടം അംഗീകൃത അവധിയായി ഈ ഓഫീസിൽ നിന്നും ക്രമീകരിച്ച് ഉത്തരവായിട്ടുള്ളതാണ്.

എഫ്) തുടർന്ന് ടിയാരി തന്നെ സർവ്വീസിൽ നിന്നും മാറ്റി നിർത്തിയ 14/10/2015 മുതൽ 16/06/2016 വരെയുള്ള കാലം കൂടി ഡ്യൂട്ടിയായി പരിഗണിക്കണം എന്നാവശ്യപ്പെട്ട കൊണ്ട് നിയമസഭാ സമിതികൾ മുമ്പാകെ പരാതിപ്പെടുകയും ആയതിൽ സർക്കാർ ഉത്തരവ് നം. എ 3/386/2018/പൊ.വി തീയതി 10/10/2019 പ്രകാരം ശ്രീമതി. ശ്യാമളകുമാരി - യുടെ 28/09/2015 മുതൽ 28/05/2016 വരെയുള്ള സസ്പെൻഷൻ കാലയളവിൽ കൈപ്പറ്റിയ ഉപജീവനബത്ത തുക കഴിച്ചുള്ള ശമ്പളവും അലവൻസുകളും ഉൾപ്പെടെ എല്ലാ കാര്യത്തിനും ഡ്യൂട്ടിയായി 29/05/2016 മുതൽ തിരികെ ജോലിയിൽ പ്രവേശിച്ചതു വരെയുള്ള കാലയളവ് കെ. എസ്. ആർ പാർട്ട് - 1 റൂൾ 56 ബി (എ) നോട്ട് പ്രകാരം പ്രവേശകാലമായോ അനുവദനീയമായ അവധിയായോ ക്രമീകരിക്കാൻ ഉത്തരവായിരുന്നു.

ജി) ഈ സാഹചര്യത്തിൽ ശ്രീമതി. ശ്യാമളകുമാരി - യുടെ വേലവിലക്ക് കാലമായ 28/09/2015 മുതൽ 28/05/2016 വരെ ഡ്യൂട്ടിയായും ടിയാരി സർവ്വീസിൽ പ്രവേശിച്ച കാലയളവായ 29/05/2016 മുതൽ 31/03/2016 വരെ പരിവർത്തിതാവധിയായും 01/06/2016 മുതൽ 16/06/2016 വരെ ശമ്പളരഹിത അവധിയായും ക്രമീകരിച്ച് ടിയാരിക്ക് അർഹമായ എല്ലാ സർവ്വീസ് ആനുകൂല്യങ്ങളും നല്കിയിട്ടുള്ളതാകുന്നു.

എച്ച്) എസ്. എസ്. എൽ. സി പരീക്ഷയുമായി ബന്ധപ്പെട്ട് നടത്തിയ സസ്പെൻഷൻ കാലയളവിലെ 01/04/2014 മുതൽ 19/10/2014 വരെയുള്ള കാലം ഡ്യൂട്ടിയായി പരിഗണിക്കുവാനും സഞ്ചിത പ്രാബല്യത്തോടെ തടയപ്പെട്ട വാർഷിക ഇൻക്രിമെന്റുകൾ കൂടി അനുവദിച്ച് സർവ്വീസ് ക്രമീകരിക്കണമെന്നതാണ് ടിയാരിയുടെ ആവശ്യം. എസ്. എസ്. എൽ. സി. യുമായി ബന്ധപ്പെട്ട് ടി ശ്രീമതി . ശ്യാമളകുമാരി , ഡെപ്യൂട്ടി സൂപ്രണ്ട് എന്നിവർക്കും ശിക്ഷണ നടപടികളുടെ ഭാഗമായി സഞ്ചിത പ്രാബല്യത്തോടെ രണ്ട് വാർഷിക ഇൻക്രിമെന്റുകൾ തടയുകയാണുണ്ടായത്.

ഐ) ടിയാരിക്ക് പ്രസ്തുത തടയപ്പെട്ട ആനുകൂല്യം അനുവദിച്ച് നൽകുകയാണെങ്കിൽ സമാന ശിക്ഷണ നടപടികൾ നേരിട്ട ഡെപ്യൂട്ടി സൂപ്രണ്ടിന് ടി ആനുകൂല്യങ്ങൾ നല്കേണ്ടതായ സാഹചര്യം വന്നുചേരും. മാത്രമല്ല എസ്. എസ്. എൽ. സി പരീക്ഷയുമായി ബന്ധപ്പെട്ട് ഇത്തരം ഉത്തരവാദിത്വമില്ലായ്മയോടെയുള്ള പ്രവൃത്തികൾക്ക് പരീക്ഷയുടെ കാര്യക്ഷമതയെത്തന്നെ ബാധിക്കുന്നതുമാണ് എന്നറിയിക്കുന്നു.

4. സർക്കാർ ഇക്കാര്യം ഹിയറിങ് സമയത്തെ വാദം, ഹാജരാക്കപ്പെട്ട രേഖകൾ, ബന്ധപ്പെട്ട ചട്ടങ്ങൾ/ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. 2014 മാർച്ച് മാസം നടന്ന എസ്.എസ്.എൽ.സി. പരീക്ഷാനടത്തിപ്പിൽ വരുത്തിയ വീഴ്ചകൾക്ക് പരീക്ഷയുടെ ചീഫ് സൂപ്രണ്ടായിരുന്ന ഹർജിക്കാരി ശ്രീമതി. ശ്യാമളകുമാരി, ഡെപ്യൂട്ടി സൂപ്രണ്ട് ശ്രീ. സാബുജോൺ എന്നിവർക്ക് ശിക്ഷണ നടപടികളുടെ ഭാഗമായി സഞ്ചിത പ്രാബല്യത്തോടെ രണ്ട് വാർഷിക ഇൻക്രിമെന്റുകൾ തടഞ്ഞിരുന്നു. പിന്നീട്, ശ്രീ. സാബുജോണിനു നൽകിയ ശിക്ഷയിൽ ഇളവനുവദിച്ച് രണ്ട് വാർഷിക ഇൻക്രിമെന്റുകൾ സഞ്ചിത പ്രാബല്യമില്ലാതെ തടഞ്ഞുകൊണ്ട് 07/02/2018-ലെ സ.ഉ(സാധാ) നം. 602/2018/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവുണ്ടായിട്ടുണ്ട്. ഹർജിക്കാരിക്ക് ഒപ്പം കൂട്ടായി പ്രവർത്തിച്ച ശ്രീ. സാബു ജോൺ-ന്റെ ശിക്ഷ ഇളവുചെയ്തു നൽകിയതുപോലെ ഹർജിക്കാരിക്ക് നൽകിയ കടുത്ത ശിക്ഷ ഇളവുചെയ്ത് ഉത്തരവുണ്ടാകണമെന്നാണ് റിവിഷൻസംഗതി.

5. റിവിഷനിലെ ആവശ്യം പരിശോധിക്കുമ്പോൾ 01/04/2014 മുതൽ മാത്രമാണ് ശ്രീമതി. ശ്യാമളകുമാരി-യെ പ്രഥമാദ്ധ്യാപികയായി നിയമിച്ചതെന്നു കാണുന്നു. അതായത്, ആരോപിക്കപ്പെട്ട കുറ്റം നടന്നതായ 18/03/2014

– ൽ എസ്.എസ്.എൽ.സി.പരീക്ഷയുടെ ചീഫ് സൂപ്രണ്ടായിരുന്ന ഹർജിക്കാരി ശ്രീമതി. ശ്യാമളകുമാരി, ഡെപ്യൂട്ടി സൂപ്രണ്ട് ശ്രീ. സാബുജോൺ എന്നിവർ ഒരേ തസ്തികയിൽ (എച്ച്.എസ്. എ) ജോലിയെടുത്തവരായിരുന്നു. പ്രഥമാദ്ധ്യാപിക 31/03/2014 ൽ വിരമിക്കുന്നതിനാൽ മാത്രമാണ് സീനിയർ എച്ച്.എസ്. എ എന്ന നിലയിൽ മാർച്ച് 2014 ലെ ചീഫ് സൂപ്രണ്ടായി ശ്രീമതി. ശ്യാമളകുമാരിയെ നിയമിച്ചിരുന്നത് എന്ന് വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പരീക്ഷയുടെ ചീഫ് സൂപ്രണ്ടായുള്ള ചുമതല ആദ്യമായിട്ടായിരുന്നു ഹർജിക്കാരി നിർവ്വഹിച്ചത് എന്നും അതിനാൽ പരിചയക്കുറവും തന്മൂലമുള്ള പരിഭ്രമവും ഉണ്ടായിരുന്നു എന്നും 18/03/2014 – ൽ പരീക്ഷ കഴിഞ്ഞ് പരീക്ഷാ പേപ്പറുകൾ എണ്ണിനോക്കിയപ്പോൾ ഐ.ഇ.ഡി വിഭാഗത്തിൽപെട്ട ഒരു കുട്ടിയുടെ പരീക്ഷാ പേപ്പർ കുറവുള്ളതായി കണ്ടുവെന്നും ആയത് ടി കുട്ടിയുടെ ഭാവിയെ ബാധിക്കുന്ന പ്രശ്നമായതിനാൽ കൂടെയുണ്ടായിരുന്നവർ ഉപദേശിച്ചതനുസരിച്ച് മറ്റൊരു കുട്ടിയെകൊണ്ട് മറ്റൊരു പരീക്ഷാ പേപ്പർ തയ്യാറാക്കി മറ്റുപേപ്പറുകളോടൊപ്പം വാല്യുവേഷൻ ക്യാമ്പിലേക്കയച്ചുവെന്നും പിന്നീട്, കാണാതായ പരീക്ഷാ പേപ്പർ വാല്യുവേഷൻ ക്യാമ്പിൽ വച്ച് കണ്ടെത്തുകയുണ്ടായെന്നും അങ്ങനെ ഒരാളുടെ തന്നെ രണ്ട് പേപ്പർ ഉള്ളതായ സ്ഥിതി വിശേഷം ഉണ്ടായെന്നും ഈ സാഹചര്യമാണ് തനിയ്ക്കെതിരെ ശിക്ഷാനടപടിയിലേയ്ക്ക് നയിച്ചതെന്നും ഹർജിക്കാരി വിശദീകരിച്ചിട്ടുണ്ട്. യഥാർത്ഥത്തിൽ വാല്യുവേഷൻ ക്യാമ്പിലേക്കയച്ചതായ മറ്റുപേപ്പറുകളോടൊപ്പം പ്രസ്തുത ഐ.ഇ.ഡി വിഭാഗത്തിൽപെട്ട കുട്ടിയുടെ പരീക്ഷാ പേപ്പർ ഉൾപ്പെട്ടിരുന്നുവെന്നും, ഇക്കാര്യം തിരക്കിനിടയിൽ ശ്രദ്ധിക്കാതെ പോയതാണെന്നും, ആ അവസ്ഥയിൽ കൂടെയുണ്ടായിരുന്നവരുടെ ഉപദേശപ്രകാരം മറ്റൊരു കുട്ടിയെകൊണ്ട് മറ്റൊരു പരീക്ഷാ പേപ്പർ തയ്യാറാക്കി കുറവ് നികത്താൻ ഒരുങ്ങിയതാണ് ദൗർഭാഗ്യകരമായി തീർന്നതെന്നും ഹർജിക്കാരി ഹിയറിങ് വേളയിൽ അറിയിച്ചിട്ടുണ്ട്.

6. മേൽ വസ്തുതകൾ കണക്കിലെടുക്കുമ്പോൾ, യഥാർത്ഥ പരീക്ഷാ പേപ്പർ വാല്യുവേഷൻ ക്യാമ്പിൽ ലഭിച്ചിരുന്നു എന്നതിനാൽ ആയത് ഇല്ലെന്ന ധാരണയിൽ തയ്യാറാക്കി അയച്ചിരുന്ന പരീക്ഷാ പേപ്പർ വാല്യുവേഷൻ നടത്തുന്നതിന് പരിഗണിക്കേണ്ടി വന്നില്ലെന്നു കരുതേണ്ടിയിരിക്കുന്നു. കാരണം അപ്രകാരം ഉണ്ടായതായി റിപ്പോർട്ടില്ല. അതായത്, ഫലത്തിൽ ഹർജിക്കാരിയ്ക്കെതിരെ നിലനിൽക്കുന്ന ചാർജ്ജ് മറ്റൊരു കുട്ടിയെകൊണ്ട് മറ്റൊരു പരീക്ഷാ പേപ്പർ തയ്യാറാക്കിയ വകയിൽ വ്യാജരേഖ ചമച്ചു എന്നതാണ്. ചീഫ് സൂപ്രണ്ടായുള്ള ചുമതല ആദ്യമായി ഏറ്റെടുത്തതുകൊണ്ടുള്ള പരിചയക്കുറവും തന്മൂലമുള്ള പരിഭ്രമവും കാരണമാണ് ഈ സംഭവവികാസങ്ങൾ ഉണ്ടായതെന്ന വിശദീകരണം കഴമ്പുള്ളതായി കാണപ്പെടുന്നു. എന്നിരുന്നാലും ഉത്തരവാദിത്വത്തിൽ വീഴ്ച വന്നതും അതു മറയ്ക്കാനായി വ്യാജരേഖ ചമച്ചതും, ആയത് ശുദ്ധഗതിയ്ക്കാണ് ചെയ്തതെന്ന് അവകാശപ്പെടുന്നെങ്കിൽ പോലും, സർക്കാർ ശമ്പളം പറ്റുന്ന ഉദ്യോഗസ്ഥയ്ക്ക് ചേർന്നതല്ല. ഒരേ തസ്തികയിൽ ജോലിയെടുക്കുന്നവർ ഒരേ കേസിൽ ഒരേ കുറ്റത്തിന് ശിക്ഷ ഏറ്റുവാങ്ങുമ്പോൾ, അവരിൽ ഒരാൾക്ക് പിന്നീട് ശിക്ഷയിൽ ഇളവ് നൽകിയെന്നും ആയതു തനിയ്ക്കും അർഹതപ്പെട്ടതാണെന്നും ഹർജിക്കാരി ചൂണ്ടിക്കാട്ടുന്നുണ്ട്. ഇക്കാര്യം പരിശോധിക്കുമ്പോൾ ഒരേ തസ്തികയിൽ ജോലിയെടുക്കുന്നവർ ആണെങ്കിൽ കൂടി, ഹർജിക്കാരിയ്ക്ക് നൽകിയ ഉത്തരവാദിത്വം പരീക്ഷയുടെ "ചീഫ് സൂപ്രണ്ട്" എന്നതും ശ്രീ. സാബുജോൺ-നു നൽകിയ ഉത്തരവാദിത്വം പരീക്ഷയുടെ "ഡെപ്യൂട്ടി സൂപ്രണ്ട്" എന്നതുമാണെന്നു ശ്രദ്ധിക്കാവുന്നതാണ്. ആയതിനാൽ ഉത്തരവാദിത്വം ഏറിയ ചുമതലയിലാണ് താനുള്ളതെന്ന ബോദ്ധ്യത്തോടെ ഹർജിക്കാരി പ്രവർത്തിക്കണമായിരുന്നു. ഈ നിലപാട് സ്വീകരിച്ചായിരുന്നു ശ്രീ. സാബുജോൺ-നു നൽകിയ ശിക്ഷ 07/02/2018-ലെ സ.ഉ(സാധാ) നം. 602/2018/പൊ.വി.വ നമ്പർ പ്രകാരം ഇളവു ചെയ്തു കൊടുത്തത്. ഇവിടെ, മറ്റൊരു വാദം ഹർജിക്കാരി ഉന്നയിച്ചത്, എസ്.എസ്.എൽ.സി. പരീക്ഷാ നടത്തിപ്പ് എന്നത് അതിലേയ്ക്കു നിയോഗിക്കപ്പെട്ട എല്ലാ സ്റ്റാഫിൻറെയും കൂട്ടായ പ്രവർത്തനത്തിലൂടെ നിർവ്വഹിക്കപ്പെടുന്നതാണെന്നും, ചീഫ് സൂപ്രണ്ട് എന്നത് താരതമ്യേന, ബന്ധപ്പെട്ട രേഖകളിൽ ഒപ്പുവയ്ക്കുന്നതിന് അധികാരപ്പെടുത്തപ്പെട്ട ഓഫീസറാണെന്ന വ്യത്യാസമാണുള്ളത് എന്നുമാണ്. പ്രായോഗികതലത്തിൽ കൂട്ടായ്മ പ്രവർത്തനത്തെ അംഗീകരിക്കാമെങ്കിലും, പദവികൾ നൽകുന്ന ഉത്തരവാദിത്വത്തിൽ വീഴ്ച വരുത്തുന്ന സാഹചര്യത്തിൽ കൂട്ടായ്മ പ്രവർത്തനം എന്ന പരിഗണനയ്ക്കൊപ്പം അതതു പദവിയ്ക്ക് ആനുപാതികമായ ശിക്ഷയാണ് നല്കപ്പെടുന്നത് എന്നതിനാൽ ഈ വാദം അംഗീകരിക്കത്തക്കതല്ല.

7. കെ.ഇ.ആർ-ൽ നിലവിലിരിക്കുന്ന ശിക്ഷാവിധികളനുസരിച്ച് അദ്ധ്യായം XIV A ചട്ടം 65(ii) പ്രകാരം ഇൻക്രിമെൻറ്റ് തടയുന്നത് സഞ്ചിതപ്രാബല്യത്തിലായാലും അല്ലെങ്കിലും മൈനർ പെനാൽറ്റിയിൽ ഉൾപ്പെടുന്ന ശിക്ഷയാണ്. അതുകൊണ്ട്, കടുത്ത ശിക്ഷ(മേജർ പെനാൽറ്റി) ഒഴിവാക്കി നല്കണമെന്ന ഹർജിക്കാരിയുടെ വാദം അടിസ്ഥാനരഹിതമാണ്. ഉത്തരവാദിത്വത്തിൽ വന്ന വീഴ്ച മറയ്ക്കാനായി വ്യാജരേഖ ചമച്ചത് ശിക്ഷ അർഹിക്കുന്ന കുറ്റം തന്നെയാണ്. എന്നിരുന്നാലും, ഹർജിക്കാരിയുടെ ഭാഗത്തു നിന്നുണ്ടായ പ്രവൃത്തി സർക്കാരിനു സാമ്പത്തികനഷ്ടമോ മറ്റു വിധത്തിലുള്ള കഷ്ടമോ വരുത്തിയിരുന്നില്ലെന്നും പരീക്ഷാ പേപ്പർ വ്യാജമായി തയ്യാറാക്കി വാല്യുവേഷൻ ക്യാമ്പിലേക്കയച്ചത് മനഃപൂർവ്വം തിരിമറി നടത്തണമെന്ന ദുഷ്ടലാക്കോടെ ആയിരുന്നില്ലെന്നും കാണുന്നതിനാൽ, പൊതു വിദ്യാഭ്യാസ ഡയറക്ടർ 24/04/2015 തീയതിയിലെ V5/47381/14-ാം നമ്പർ ഉത്തരവ്(പരാമർശം-1) പ്രകാരം ഹർജിക്കാരിയ്ക്ക് നൽകിയ ശിക്ഷയിൽ ഇളവ് വരുത്തിയും മാതൃകാപരമായ ശിക്ഷ എന്ന നിലയിൽ ഹർജിക്കാരിയുടെ ഒരു ഇൻക്രിമെൻറ്റ് മാത്രം സഞ്ചിത പ്രാബല്യത്തോടെ തടഞ്ഞും ടിയാളുടെ പരാമർശം 2 അപ്പീൽ അപേക്ഷ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ എസ്.വി
ജോയിന്റ് സെക്രട്ടറി

പകർപ്പ്:-

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കൊട്ടാരക്കര, കൊല്ലം ജില്ല.
പ്രഥമാദ്ധ്യാപിക, തലവൂർ ദേവിവിലാസം ഹൈസ്കൂൾ, കൊട്ടാരക്കര, കൊല്ലം ജില്ല.
മാനേജർ, തലവൂർ ദേവിവിലാസം ഹൈസ്കൂൾ, കൊട്ടാരക്കര, കൊല്ലം ജില്ല.
ശ്രീമതി. ആർ. ശ്യാമള കുമാരി അമ്മ, അർച്ചനാ നിവാസ്,
മഞ്ഞക്കാല, ആവണീശ്വരം. പി.ഓ, കൊട്ടാരക്കര.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ, ആഡിറ്റ്), തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്
(സർക്കാർ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കാൻ)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by Shahna Kumari S L
Date: 10-01-2022 11:07:33
Reason: Approved

സെക്ഷൻ ഓഫീസർ